<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6397</u> <u>20-03-2023 - ൽ മറുപടിയ്ക്ക്</u>

<u>ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നിർദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതി പ്രാവർത്തികമാക്കുന്നതിന് കേന്ദ്ര വനം മന്ത്രാലയത്തിന് വനം വകുപ്പ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രസ്തുത വിഷയത്തിൽ കേന്ദ്ര വനം മന്ത്രാലയം ചുവടെ പറയുന്ന വിശദീകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>1. പരിഹാര വനവൽക്കരണത്തിന് തെരഞ്ഞെടുത്തിട്ടുള്ള സ്ഥലത്തിന് ചുറ്റുമുള്ള സ്ഥലങ്ങളുടെ ലീഗൽ സ്റ്റാറ്റസ്.<br><br>2. പരിഹാര വനവൽക്കരണത്തിന് തെരഞ്ഞെടുത്തിട്ടുള്ള 17.5 ഹെക്ടറിൽ 7.40 ഹെക്ടർ മാത്രമേ പരിഹാര വനവൽക്കരണത്തിന് അനുയോജ്യമായിട്ടുള്ളൂ എന്നതിനാൽ, അധികമായി കണ്ടെത്തിയ സ്ഥലത്തിന്റെ വിശദാംശം<br><br>3. 'ഔർ ഓൺ നാചർ ' സെക്രട്ടറി ശ്രീ. ധർമ്മരാജ് സി.എസ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയ നിവേദനത്തിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം.<br><br>4. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് യൂസർ ഏജൻസി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ മുന്നോട്ട് വച്ച പദ്ധതികളിന്മേലുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അഭിപ്രായം. |
| (ബി) | പ്രസ്തുത വിഷയത്തിൽ കേന്ദ്ര വനം മന്ത്രാലയം എന്തൊക്കെ വിശദീകരണങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രസ്തുത വിഷയത്തിൽ കേന്ദ്ര വനം മന്ത്രാലയം ചുവടെ പറയുന്ന വിശദീകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>1. പരിഹാര വനവൽക്കരണത്തിന് തെരഞ്ഞെടുത്തിട്ടുള്ള സ്ഥലത്തിന് ചുറ്റുമുള്ള സ്ഥലങ്ങളുടെ ലീഗൽ സ്റ്റാറ്റസ്. |

| | | | |
|---|---|---|---|
| | | | 2. പരിഹാര വനവൽക്കരണത്തിന് തെരഞ്ഞെടുത്തിട്ടുള്ള 17.5 ഹെക്ടറിൽ 7.40 ഹെക്ടർ മാത്രമേ പരിഹാര വനവൽക്കരണത്തിന് അനുയോജ്യമായിട്ടുള്ളൂ എന്നതിനാൽ, അധികമായി കണ്ടെത്തിയ സ്ഥലത്തിന്റെ വിശദാംശം<br><br>3. 'ഔർ ഓൺ നാച്വർ ' സെക്രട്ടറി ശ്രീ. ധർമ്മരാജ് സി.എസ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയ നിവേദനത്തിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം.<br><br>4. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് യൂസർ ഏജൻസി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ മുന്നോട്ട് വച്ച പദ്ധതികളിന്മേലുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അഭിപ്രായം. |
| (സി) | പ്രസ്തുത തുരങ്ക പാത പദ്ധതിയ്ക്കായി കേന്ദ്ര വനം മന്ത്രാലയത്തിന് സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | പ്രസ്തുത അപേക്ഷ നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നത് മൂലം വനഭൂമി നഷ്ടപ്പെടാത്ത സാഹചര്യത്തിൽ പകരം ഭൂമി നൽകാനുള്ള വ്യവസ്ഥ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി 17.263 ഹെക്ടർ വനഭൂമി ആവശ്യമായി വരുന്നതിനാൽ 1980 ലെ വന സംരക്ഷണ നിയമത്തിലെ നിബന്ധനകൾ പ്രകാരം പകരം ഭൂമി നൽകുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ